ഇതിൽ ഉൾപ്പെടുത്താനുള്ള തീരുമാനമെടുക്കും. അങ്ങനെ തീരുമാനമെടുക്കുന്ന അവസരത്തിൽ അനർഹരായിട്ടുള്ള നിരവധി ആളുകൾ ബി.പി.എൽ. ലിസ്റ്റിലേക്ക് കടന്നുവന്നിട്ടുണ്ട്. അങ്ങനെയുള്ളവരെ ഒഴിവാക്കിക്കൊണ്ടുവേണം ഇനി ബാക്കിയുള്ള ആളുകളെക്കൂടി ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്താൻ. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(25) നഷ്ടപരിഹാരം

<u>ശ്രീ. റ്റി. യു. കുരുവിള</u> : സർ, കോതമംഗലം നിയോജക മണ്ഡലത്തിലെ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽപ്പെട്ട വടാട്ടുപാറ പ്രദേശത്ത് കഴിഞ്ഞ ശനിയാഴ്ചയുണ്ടായ കനത്ത മഴയിലും കൊടുങ്കാറ്റിലും വീടുകളും കൃഷിയും നശിക്കുകയും ഒരു ദേവാലയത്തിനു മൊത്തമായും വലിയ കേടുപാടുകൾ സംഭവിച്ചിരിക്കുകയുമാണ്. ദേവാലയത്തിന്റെ മേൽക്കൂര പൂർണ്ണമായും തകർന്നിരിക്കുകയാണ്. മരങ്ങൾവീണ് കെട്ടിടങ്ങൾ തകരുകയും വലിയ മരങ്ങൾ കെട്ടിടത്തിന്റെ മുകളിൽ തങ്ങിനിൽക്കുകയുമാണ്. മറിഞ്ഞു വീണതായ വലിയ മരങ്ങളിൽ പ്ലാവ്, മാവ്, തേക്ക് തുടങ്ങിയ മരങ്ങളുണ്ട്. പ്രസ്തുത മരങ്ങൾ അവിടെനിന്നും മുറിച്ച് കൊണ്ടുപോകുന്നതിന് അടിയന്തരമായി അനുമതി നൽകണം. കൂടാതെ റബ്ബർ, വാഴ, ജാതി, കോഴി ഫാം തുടങ്ങിയവ നശിച്ചു പോയിട്ടുണ്ട്. ഇക്കാര്യങ്ങൾക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകണം. തുണ്ടം റെയ്ഞ്ചിൽ പട്ടയ ലാന്റിൽ മാത്രമാണ് മരങ്ങൾ മുറിച്ചുകൊണ്ടുപോകുന്നതിന് അനുവാദം കൊടുക്കാത്തത്. ആ പട്ടയ ലാന്റിലെ മരങ്ങൾ മുറിച്ചുകൊണ്ടുപോയാൽ മാത്രമേ ഈ മരങ്ങൾ മുറിച്ച് മാറ്റുവാൻ കഴിയുകയുള്ളൂ. അതുകൊണ്ട് അതിനും അടിയന്തരമായി വനംവകുപ്പിൽനിന്നും നിർദ്ദേശം കൊടുക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. മറ്റെല്ലാ റെയ്ഞ്ചുകളിലുമുള്ള പട്ടയ ലാന്റിലും മരംമുറിക്കുന്നതിന് അനുവദിക്കുന്നുണ്ട്. തുണ്ടം റെയ്ഞ്ചിൽമാത്രം അനുവാദം കൊടുക്കുന്നില്ല. ഇതിന് അടിയന്തര പരിഹാരമുണ്ടാകണം. അതുപോലെ വാഴ തുടങ്ങിയ കൃഷികൾ നശിച്ചുപോയതിന് കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്നും കെട്ടിടങ്ങൾ നശിച്ചുപോയതിന് റവന്യൂ ഡിപ്പാർട്ട മെന്റിൽനിന്നും അടിയന്തരമായി ധനസഹായം നൽകുന്നതിനുള്ള നടപടിയെടുക്കണം.

12.00 Noon]

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): സർ, 12-7-2014-ൽ ഉണ്ടായ ശക്തമായ കാറ്റിലും മഴയിലും കോതമംഗലം താലൂക്കിലെ കുട്ടമ്പുഴ വില്ലേജിൽപ്പെട്ട വടാട്ടുപാറ ഭാഗത്തുള്ള 3 വീടുകൾ ഭാഗികമായും ഒരു വീടിന് വലിയ

LIBRARY, ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തോതിലും നാശനഷ്ടം സംഭവിക്കുകയും ഒരു കോഴിഫാം പൂർണ്ണമായും തകരുകയും വൻതോതിലുള്ള കൃഷിനാശം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. വടാട്ടുപാറ ഭാഗത്ത് സെന്റ് മേരീസ് കത്തോലിക്കാ പള്ളിയുടെ മുകളിൽ സമീപമുള്ള മാവ് ചരിഞ്ഞുവീഴുകയും പള്ളിക്ക് നാശനഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. പ്രദേശത്തെ കാർഷികവിളകൾക്ക് ഉദ്ദേശം 7,62,000 രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ജില്ലയ്ക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും ഈ സാമ്പത്തിക വർഷം 13 കോടി 13 ലക്ഷം രൂപ അനുവദിച്ചു കൊടുത്തിട്ടുണ്ട്. പ്രകൃതിക്ഷോഭം മൂലമുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾക്ക് സംസ്ഥാനത്തെ ദുരന്ത പ്രതികരണനിധി മാനദണ്ഡങ്ങൾ അനുസരിച്ചുള്ള അർഹമായ ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് അടിയന്തരനടപടികൾ സ്വീകരിച്ചു വരികയാണ്.

(26) റോഡിന് സ്ഥലം ഏറ്റെടുക്കൽ

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u>: സർ, കൊടുവള്ളി മണ്ഡലത്തിൽ ഉൾപ്പെട്ട കോഴിക്കോട് ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ടൗണിലൊന്നുമാണ് നരിക്കുനി. പടനിലം നന്മണ്ട റോഡും, കുന്നുര് കുമാരസ്വാമി റോഡും, കാപ്പാട് ഇഷാരഗിരി സ്റ്റേറ്റ് ഹൈവേയും ഈ ടൗണിലൂടെയാണ് കടന്നുപോകുന്നത്. ബി.എം. ആന്റ് ബി.സി. നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കിയ ഈ റോഡിലൂടെ ധാരാളം വാഹനങ്ങൾ കടന്നുപോകുന്നുണ്ട്. നരിക്കുനി ടൗൺ പലപ്പോഴും മണിക്കൂറുകളോളം ഗതാഗതക്കുരുക്കുമൂലം സ്തംഭിക്കാറുണ്ട്. വളരെ സൂക്ഷ്മമായ ഗതാഗതപ്രശ്നം മനസ്സിലാക്കി ഇവിടെ റിംഗ് റോഡ് നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തുകയും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഊരാളുങ്കൽ സൊസൈറ്റി സ്ഥലം സന്ദർശിച്ച് സർവ്വേ നടത്തി മാർക്ക് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി എവിടെയും എത്തിയിട്ടില്ല. കേന്ദ്രഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള പുതിയ നിയമം നിലവിൽ വരുന്നതിനുമുൻപ് തന്നെ ഏറ്റെടുക്കുന്ന ഭൂമിക്ക് ആവശ്യമായ ക്രമീകരണങ്ങൾ ഇവിടെ പൂർത്തിയാക്കിയിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള നിയമം അനുസരിച്ച് സ്ഥലം ഏറ്റെടുത്ത് പൊതുമരാമത്തിന് കൈമാറുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): സർ, കോഴിക്കോട് ജില്ലയിലെ നരിക്കുനി ബൈപ്പാസ് റോഡിനുവേണ്ടി 1.853 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് അർത്ഥാധികാരിയായ പൊതുമരാമത്ത് വകുപ്പ് 28-6-2013-ൽ